"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാരിപ്പള്ളി എഴിപ്പുറം എച്ച്.എസ്.എസ്.ലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3576/2025/GEDN    തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. മാനേജരുടെ 18.10.2024 തീയതിയിലെ റിവിഷൻ ഹർജി
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.01.2025 തീയതിയിലെ ഡിജിഇ/26244/2024-ആർഎ5 ഡിജിഇ നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ എഴിപ്പുറം എച്ച്.എസ്.എസ്.ലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ മാനേജർ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. ടി സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ 2023-24 വർഷത്തിലും 2022-23 വർഷത്തിലും രണ്ടാമത്തെ ഫുൾടൈം മീനിയൽ തസ്തിക അനുവദിച്ചു കൊണ്ട് ടി സ്കൂളിൽ 2022-23 വർഷം വരെ നിലനിർത്തിയിരുന്ന ഫുൾടൈം മീനിയലായ ശ്രീ. അരുൺ റ്റി.എസ്-നെ തുടർ വർഷത്തിലും (2023-24) നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

3. മേൽ റിവിഷൻ അപ്പീൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവർക്ക് സർക്കാർ ഹിയറിങ് നൽകുകയുണ്ടായി.

**മാനേജരുടെ വാദഗതികൾ ഇപ്രകാരമാണ്.**

4. പാരിപ്പള്ളി എഴിപ്പുറം ഹയർ സെക്കൻഡറി സ്കൂളിൽ 2022-23 വർഷം 8 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ എഫക്ടീവ് സ്ട്രെങ്ത് 514 ആണ്. അകെ കുട്ടികളുടെ എണ്ണം 700-ൽ താഴെയായതിനാൽ, 2021-22 വരെ നിലനിന്നിരുന്ന 2 എഫ്.ടി.എം. തസ്തികകൾ, 2022-23-ൽ 1 ആയി കുറയ്ക്കപ്പെടുകയുണ്ടായി. തന്മൂലം 01/06/2016 മുതൽ മേൽപറഞ്ഞ രണ്ടാമത്തെ എഫ്.ടി.എം. തസ്തികയിൽ നിയമനാംഗീകാരത്തോടെ തുടർന്ന് വന്നിരുന്ന ശ്രീ.അരുൺ ടി.എസ്.ന് 15/07/2022 മുതൽ തസ്തിക നഷ്ടപ്പെട്ടിരുന്നു.

5. 2023-24 അക്കാഡമിക് വർഷവും 8 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ സ്കൂളിലെ ആകെ എണ്ണം 700-ൽ താഴെയാകയാൽ (എഫക്ടീവ് സ്ട്രെങ്ത് 569) 1 എഫ്.ടി.എം. തസ്തിക

മാത്രമേ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരമനുവദിക്കപ്പെട്ടിട്ടുള്ളു.

6. 2024-25 വർഷവും 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ആകെ കുട്ടികൾ 700-ൽ താഴെയാണ്. ആകയാൽ 1 എഫ്.ടി.എം. തസ്തിക മാത്രമാണനുവദിക്കപ്പെട്ടിട്ടുള്ളത്. 2024-25 തസ്തികനിർണ്ണയ ഉത്തരവിനെതിരെ റൂൾ 12 ഡി.ചാപ്റ്റർ XXIII KER പ്രകാരം ബഹു. കൊല്ലം ഡി.ഡി.ഇ മുമ്പാകെ താൻ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

7. 2021-22 വരെ നിലനിന്നിരുന്ന 2 എഫ്.ടി.എം. തസ്തികകളിൽ ഒന്ന് 2022-23ലും 2023-24 ലും കുറവ് ചെയ്തതിനെതിരെ ചട്ടപ്രകാരം അപ്പീലോ റിവിഷൻ അപ്പീലോ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിലാണ് 2022-23, 2023-24 തസ്തിക നിർണ്ണയ ഉത്തരവുകൾക്കെതിരെ റൂൾ 92 ചാപ്റ്റർ 14 എ കെ.ഇ.ആർ. പ്രകാരം 18/10/2024-ൽ പുന:പരിശോധനാഹർജി നൽകിയിട്ടുള്ളത്.

8. അതേസമയം, സ.ഉ.(കൈ)നം.106/2022/G.Edn. തീയതി 14/06/2022 പ്രകാരം 1 മുതൽ 12-ാം ക്ലാസ് വരെ ഒറ്റ യൂണിറ്റായി കണക്കാക്കണമെന്നും നിലവിൽ എച്ച്.എസ് വിഭാഗത്തിലുള്ള ഓഫീസ് സംവിധാനവും മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനവും എച്ച്.എസ്.എസ്. വിഭാഗത്തിന് കൂടി ബാധകമാകത്തക്കവണ്ണം പൊതു ഓഫീസ് ആയിരിക്കണമെന്നും അപ്രകാരം ബാധകമാകുമ്പോൾ അനദ്ധ്യാപക സംവിധാനം എച്ച്.എസ്.എസ് വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്തു വേണം നിശ്ചയിക്കാനെന്നും ഈ 2 വിഭാഗവും സംയുക്തമായി പരിഗണിക്കുമ്പോൾ 700 മുതൽ 1499 കുട്ടികൾ വരെ, 2 എഫ്.ടി.എം. തസ്തികകൾ അനുവദനീയമാണെന്നും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്.

9. 2019-20 മുതൽ 2022-23 വരെയുള്ള എച്ച്.എസ്.എസ് വിഭാഗം തസ്തിക നിർണ്ണയ ഉത്തരവനുസരിച്ച് 2022-23-ൽ എച്ച്.എസ്.എസ്. വിഭാഗത്തിൽ 400 കുട്ടികളുണ്ട്. മേൽപറഞ്ഞ 400 കുട്ടികളുടേയും ഹൈസ്കൂൾ വിഭാഗത്തിലെ എഫക്ടീവ് സ്ട്രെങ്ങ്തായ 514 കുട്ടികളേയും സംയുക്തമായി കണക്കാക്കുമ്പോൾ ആകെ 914 കുട്ടികൾ ഉണ്ട്. 699ന് മേൽ കുട്ടികളുള്ളതിനാൽ 2022-23 മുതൽ കുറവ് ചെയ്ത എഫ്.ടി.എം.ന്റെ 2-മത്തെ തസ്തിക നിലനിർത്തിതരാനാകുമെന്ന് കാണുന്നു. 2023-24-ൽ എച്ച്.എസ്.എസ് വിഭാഗത്തിലെ 400 കുട്ടികളേയും എച്ച്.എസ് വിഭാഗത്തിലെ 569 കുട്ടികളേയും കൂടിചേർത്ത് പരിഗണിക്കുമ്പോൾ ആകെ കുട്ടികൾ 969 ആകുമെന്നതിനാൽ 2023-24-ലും രണ്ടാമത്തെ എഫ്.ടി.എം. തസ്തിക നിലനിർത്താനാകും.

10. 2024-25 വർഷം എച്ച്.എസ്.എസ് വിഭാഗത്തിൽ 400, എച്ച്.എസ് വിഭാഗത്തിൽ 580 എന്നിങ്ങനെ ആകെ 980 കുട്ടികൾ ലഭ്യമായതിനാൽ രണ്ടാമത്തെ എഫ്.ടി.എം. തസ്തിക 2024-25-ലും തുടരാനാകും.

11. മേൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത്, സ.ഉ (കൈ) നം.106/2022/G.Edn. തീയതി 14/06/2022 ഉത്തരവിലെ വ്യവസ്ഥ പ്രകാരം എച്ച്.എസ്. വിഭാഗത്തിലെ കുട്ടികളുടെ എണ്ണത്തോടൊപ്പം എച്ച്.എസ്.എസ് വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കൂടി പരിഗണിച്ച്, 15/07/2022 മുതൽ തസ്തിക നഷ്ടം വന്ന ശ്രീ.അരുൺ ടി.എസ്.,

എഫ്.ടി.എം. -നെ 2022-23 മുതൽ സർവ്വീസ് ഭംഗം വരാതെ നിലനിർത്തുകയെന്ന പരിമിതമായ ലക്ഷ്യം മുൻനിർത്തി, 2021-22 വരെ നിലനിന്നിരുന്നതും 2022-23, 2023-24 വർഷങ്ങളിലെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടതുമായ എഫ്.ടി.എം.-ന്റെ 2-ാമത്തെ തസ്തിക നിലനിർത്തി ഉത്തരവാകണമെന്നാണ് മാനേജർ ആവശ്യപ്പെടുന്നത്.

**ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം, പൊതുവിദ്യാഭ്യാസ എന്നിവരുടെ റിപ്പോർട്ടുകൾ/ വാദം ഇപ്രകാരമാണ്**

12. കൊല്ലം ജില്ലയിലെ സ്കൂളിലെ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ഹർജിയിൽ 2023-24 വർഷത്തിലും 2022-23 വർഷത്തിലും രണ്ടാമത്തെ ഫുൾടൈം മീനിയൽ തസ്തിക അനുവദിച്ചു കൊണ്ട് ടി സ്കൂളിൽ 2022-23 വർഷം വരെ നില നിർത്തിയിരുന്ന ഫുൾടൈം മീനിയലായ ശ്രീ. അരുൺ റ്റി.എസ്-നെ തുടർ വർഷത്തിലും (2023-24) നിലനിർത്തി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

13. 2019-20 വർഷം മുതലുള്ള ടി സ്കൂളിന്റെ ഇഫക്റ്റീവ് സ്ട്രെങ്ങ്ത്, അനുവദിച്ച ഫുൾടൈം മിനിയൽ തസ്തിക എന്നിവ താഴെ സൂചിപ്പിക്കുന്നു

| വർഷം | ഇഫക്റ്റീവ് സ്ട്രെങ്ങ്ത് | അനുവദിച്ച തസ്തിക | റിമാർക്സ് |
|---|---|---|---|
| 2019-20 | 706 | 2 | |
| 2020-21 | തസ്തിക നിർണ്ണയം ഇല്ലാത്തതിനാൽ മുൻ വർഷത്തെ തസ്തിക അനുവദിക്കുന്നു | | |
| 2021.22 | തസ്തിക നിർണ്ണയം ഇല്ലാത്തതിനാൽ മുൻ വർഷത്തെ തസ്തിക അനുവദിക്കുന്നു | | |
| 2022-23 | 514 | 1 | 1 FTM തസ്തിക കുറയുന്നു, തസ്തിക നഷ്ടപ്പെട്ട ശ്രീ അരുൺ റ്റി.എസ്്-നെ 02/12/22 ലെ സ.ഉ.(220/22) പ്രകാരം നില നിർത്തിയിരിക്കുന്നു |
| 2023-24 | 569 | 1 | |

14. 2018-19 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ നില നിർത്തുന്നതിന് 19/07/18 സ.ഉ.(സാധാ) നമ്പർ 27/06/18 പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും അനധ്യാപകരെ നില നിർത്തുന്നതിനുള്ള ഇളവു 2019-20 വർഷത്തെ തസ്തിക നിർണ്ണയത്തിലും ബാധകമാക്കുകയും പിന്നീട് തസ്തിക നഷ്ടമാകുന്ന അനധ്യാപകരെ നില നിർത്തുന്നതിലേയ്ക്ക് 2022-

23 വർഷം വരെ പ്രസ്തുത സർക്കാർ ഉത്തരവിന്റെ ആനുകൂല്യം അനുവദിക്കുകയും ചെയ്തതിൻ പ്രകാരമാണ് മതിയായ എണ്ണം കുട്ടികളില്ലായെങ്കിൽ കൂടി ടി വർഷങ്ങളിൽ എഫ്.ടി.എം. തസ്തികയിൽ ശ്രീ.അരുൺ റ്റി.എസ്.-നെ നില നിർത്തിയിരുന്നത്.

15. 2023-24 വർഷത്തിൽ ടി സ്കൂളിൽ 569 കുട്ടികൾ മാത്രം എന്നുള്ളതിനാൽ 1 എഫ്.ടി.എം. തസ്തിക മാത്രമാണ് അനുവദനീയമായിട്ടുള്ളത്. 02/12/2022-ലെ GO(MS) 220/22 ഉത്തരവിന്റെ ആനുകൂല്യം 2023-24 വർഷത്തിൽ അനുവദിക്കാത്ത സാഹചര്യത്തിൽ ശ്രീ.അരുൺ റ്റി.എസ്.നെ ടി വർഷം ടി സ്കൂളിൽ നിലനിർത്താൻ കഴിയുകയില്ല.

**സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.**

16. 2018-19 ൽ തസ്തിക നഷ്ടപ്പെട്ട അനധ്യാപകരെ നിലനിർത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19/07/2018 ലെ GO(Rt) 2726/2018/GEDN ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. 23/07/2019 ലെ GO(Ms) 95/2019/GEDN ഉത്തരവ് പ്രകാരം 2019-20 വർഷത്തെ തസ്തികനിർണ്ണയത്തിലും ഈ ഇളവ് ബാധകമാക്കിയിരുന്നു. തസ്തിക നഷ്ടമായ അനധ്യാപകരെ നിലനിർത്തുന്നതിനായി പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിനും അനുവദിച്ചു എന്നാൽ മേൽപ്പറഞ്ഞ ഇളവുകൾ 2022-23 അധ്യയന വർഷത്തേക്ക് കൂടി മാത്രമാണ് ബാധകമാകുന്നതു എന്നും അടുത്ത അധ്യയന വർഷം (2023-24) മുതൽ ഈ ഇളവുകൾ അനുവദിക്കുന്നതല്ല എന്നുമാണ് 02/12/2022 ലെ GO(Ms) 220/2022-GEDN ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളത്.

17. മേൽ സാഹചര്യത്തിൽ പാരിപ്പള്ളി എഴിപ്പുറം ഹയർ സെക്കൻഡറി സ്കൂളിൽ രണ്ടാമത്തെ ഫുൾടൈം മീനിയൽ തസ്തിക അനുവദിക്കപ്പെട്ടപ്പോൾ ടി സ്കൂളിൽ 2022-23 വർഷം വരെ നില നിർത്തിയിരുന്ന ഫുൾടൈം മീനിയലായ ശ്രീ. അരുൺ റ്റി.എസ്-നെ തുടർ വർഷത്തിലും(2023-24) നിലനിർത്തി നൽകണമെന്ന മാനേജരുടെ ആവശ്യം നിരസിച്ച് ടിയാൾ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

ശ്രീമതി അംബിക പത്മാസനൻ, മാനേജർ, എഴിപ്പുറം എച്ച്.എസ്.െസ്., പാരിപ്പള്ളി പി.ഒ., കൊല്ലം-691 574
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
Date: 02-06-2025 14:15:14

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.